REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 13-04-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **ഇന്ന് ജാലിയൻ വാലാബാഗ് ദിനം.**
- **ജാലിയൻ വാലാബാഗിൽ ജീവത്യാഗം ചെയ്ത ധീര രക്തസാക്ഷികൾക്ക് രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ആദരാഞ്ജലി അർപ്പിച്ചു.**
- **മ്യൂസിയങ്ങൾ ചരിത്രവും സംസ്കാരവും വരും തലമുറയ്ക്ക് പകർന്നു നൽകാനാവുന്ന കേന്ദ്രങ്ങൾ ആണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ഡോ. B.R അംബേദ്കറുടെ പാത പിന്തുടർന്ന് യുവതലമുറ ഭരണഘടനാ പ്രതിജ്ഞ നടപ്പാക്കാൻ ശ്രമിക്കണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.**
- **മലയാളിയുടെ കാർഷികോത്സവമായ വിഷുവിനെ വരവേൽക്കാൻ നാടും നഗരവും ഒരുങ്ങി.**

## വാർത്തകൾ വിശദമായി

ഇന്ന് ജാലിയൻ വാലാബാഗ് ദിനം. 1919 ഏപ്രിൽ 13-ന് അമൃത് സറിലെ ജാലിയൻ വാലാബാഗിൽ ബ്രിട്ടീഷ് സൈന്യം നടത്തിയ കൂട്ടക്കൊലയുടെ കറുത്ത ഓർമകൾ പുതുക്കിയാണ് രാജ്യം ഈ ദിനം ആചരിക്കുന്നത്. ധീര രക്തസാക്ഷികൾക്ക് രാജ്യം ഈ ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു.

✪✪✪

ജാലിയൻ വാലാബാഗിൽ രാജ്യത്തിന് വേണ്ടി ജീവൻ വെടിഞ്ഞ എല്ലാ സ്വാതന്ത്ര്യ സമര സേനാനികൾക്കും വിനയപൂർവ്വം ശ്രദ്ധാഞ്ജലി അർപ്പിക്കുന്നതായി രാഷ്ട്രപതി ദ്രൗപതി മുർമു അറിയിച്ചു. രാജ്യം എന്നും

ജാലിയൻ വാലാബാഗ് രക്തസാക്ഷികളോട് കടപ്പെട്ടിരിക്കുമെന്നും രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ജാലിയൻ വാലാബാഗ് ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി രക്തസാക്ഷികൾക്ക് ആദരാഞ്ജലി അർപ്പിച്ചു. രക്തസാക്ഷികളുടെ അചഞ്ചലമായ മനഃശക്തി, വരും തലമുറകൾ എപ്പോഴും ഓർമ്മിക്കുമെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

ജാലിയൻ വാലാബാഗ് സംഭവം നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിലെ കറുത്ത അധ്യായമായിരുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു. രക്തസാക്ഷികളുടെ ത്യാഗം ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിലെ പ്രധാന വഴിത്തിരിവായി മാറിയെന്നും മോദി വ്യക്തമാക്കി.

✪✪✪

ജാലിയൻ വാലാബാഗിൽ ജീവത്യാഗം ചെയ്ത ധീരരായ വ്യക്തികൾക്ക് പ്രണാമം അർപ്പിക്കുന്നതായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ പറഞ്ഞു. അടിച്ചമർത്തലിന് മുന്നിൽ അവർ നടത്തിയ അതുല്യമായ ത്യാഗം, സ്വാതന്ത്ര്യ സമരത്തിന്റെ ചരിത്രത്തിൽ എക്കാലവും ഓർമ്മിക്കപ്പെടും. രക്തസാക്ഷികളുടെ ധൈര്യത്തിന് ഭാരതം എന്നും കടപ്പെട്ടിരിക്കുമെന്നും ഉപരാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

കണ്ണൂർ മക്രേരി സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിലെ സോപാന സംഗീത മ്യൂസിയം, ഊട്ടുപുര എന്നിവ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

സോപാന സംഗീതത്തിന്റെ ചരിത്രവും പ്രാധാന്യവും വിളിച്ചറിയിക്കുന്നതാണ് സോപാന സംഗീത മ്യൂസിയം.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ....

[...വോയ്സ് ....]

✪✪✪

ഡോ. B.R അംബേദ്കറുടെ പാത പിന്തുടർന്ന് യുവതലമുറ ഭരണഘടനാ പ്രതിജ്ഞ നടപ്പാക്കാൻ ശ്രമിക്കണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. ഭരണഘടനാ ശില്പി ഡോ. B.R അംബേദ്കറുടെ 134-ാം

ജന്മവാർഷികത്തോട് അനുബന്ധിച്ച് സംഘടിപ്പിച്ച പദയാത്ര തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഭരണഘടനയുടെ അന്തഃസത്ത മനസ്സിലാക്കി യുവതലമുറ അംബേദ്കറുടെ ആശയങ്ങൾ പ്രാവർത്തികമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വികസിത ഭാരതം എന്ന ലക്ഷ്യത്തിലെത്താൻ യുവതലമുറയുടെ പ്രവർത്തനം അത്യന്താപേക്ഷിതമാണെന്നും ഗവർണർ പറഞ്ഞു. ചടങ്ങിൽ മുൻകേന്ദ്രമന്ത്രി V മുരളീധരൻ ഭരണഘടനയുടെ ആമുഖം വായിച്ച് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

കേന്ദ്ര കായിക യുവജന മന്ത്രാലയത്തിന്റെയും നെഹ്റു യുവകേന്ദ്രയുടെയും നേതൃത്വത്തിലായിരുന്നു പദയാത്ര.

✪✪✪

അപൂർവ്വ രോഗബാധിതരായ കുഞ്ഞുങ്ങളുടെ സമഗ്ര ആരോഗ്യ പരിപാലന പദ്ധതിയായ - കെയർ, ബഹുജന പങ്കാളിത്തം കൊണ്ട് മാത്രമേ നടപ്പാക്കാൻ കഴിയൂ എന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. രോഗബാധിതരായ കുഞ്ഞുങ്ങൾക്കായി സംസ്ഥാന ഗവൺമെന്റ് വിഷു ദിനത്തിൽ, കൈനീട്ടം സ്വീകരിക്കുമെന്നും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. അപൂർവ്വ രോഗങ്ങളുടെ ചികിത്സാ സഹായത്തിൽ എല്ലാവരും പങ്കാളികളാകണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

✪✪✪

കരുവന്നൂർ ബാങ്ക് തട്ടിപ്പുകേസുമായി ബന്ധപ്പെട്ട് ED കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തെക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് മറുപടി പറയണമെന്ന് പ്രതിപക്ഷ നേതാവ് V D സതീശൻ ആവശ്യപ്പെട്ടു. CPIM ന്റെ സ്വത്തുവകകളെക്കുറിച്ച് ഗുരുതരമായ ആരോപണങ്ങൾ ഉയർന്നു വന്നിട്ടും മൗനം പാലിക്കുന്നത് ശരിയല്ലെന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിയുടെ മകൾ പ്രതിയായ മാസപ്പടി കേസിലും ജനങ്ങൾക്ക് യാഥാർത്ഥ്യമറിയാൻ അവകാശമുണ്ടെന്നും VD സതീശൻ അഭിപ്രായപ്പെട്ടു. മുനമ്പത്തെ ഭൂപ്രശ്നത്തിൽ സംസ്ഥാന ഗവൺമെന്റ് താമസക്കാരെ വഞ്ചിക്കുകയാണെന്നും അദ്ദേഹം മാധ്യമങ്ങളോടു പറഞ്ഞു.

✪✪✪

കണ്ണൂർ അഴീക്കോട് ചാൽ ബീച്ചിന് അന്താരാഷ്ട്ര അംഗീകാരമായി ലഭിച്ച ബ്ലൂ ഫ്ളാഗ്, വൈകീട്ട് മന്ത്രി PA മുഹമ്മദ് റിയാസ് ബീച്ചിൽ ഉയർത്തും. കേരളത്തിൽ കാപ്പാട് ബീച്ചിന് മാത്രമാണ് ഇതിന് മുൻപ് ഈ നേട്ടം ലഭിച്ചത്.

പരിസ്ഥിതി സൗഹൃദവും സുരക്ഷിതവുമായ ടൂറിസം വികസനത്തിന് ലഭിക്കുന്ന അന്താരാഷ്ട്ര അംഗീകാരമാണ്  ബ്ലൂ ഫ്ളാഗ്.

✪✪✪

CPIM നേതാവ് MM ലോറൻസിന്റെ മൃതദേഹം മെഡിക്കൽ പഠനത്തിന് വിട്ടു നൽകിയതിന് എതിരെ പെൺമക്കൾ സമർപ്പിച്ച പുനഃപരിശോധനാ ഹർജി ഹൈക്കോടതി തള്ളി. ജസ്റ്റിസ് VG  അരുണിന്റേതാണ് ഉത്തരവ്. ഹൈക്കോടതി സിംഗി ൾബെഞ്ചും, ഡിവിഷ ൻബെഞ്ചും, സുപ്രീംകോടതിയും ഈ ആവശ്യം നേരത്തെ നിരാകരിച്ചിരുന്നു.  സുപ്രീംകോടതി ഉത്തരവിനു ശേഷം ലഭിച്ച വിഡിയോ തെളിവുകൾ പരിശോധിക്കണം എന്നാവശ്യപ്പെട്ടാണ് ലോറൻസിന്റെ പെൺമക്കൾ സിംഗിൾ ബെഞ്ചിൽ പുനഃപരിശോധനാ ഹർജി നൽകിയത്. എന്നാൽ നേരത്തെ തന്നെ അപ്പീൽ പോയതിനാൽ പുനഃപരിശോധനാ ഹർജിയ്ക്ക് പ്രസക്തിയില്ലെന്ന് ഹൈക്കോടതി വിലയിരുത്തി.

✪✪✪

പാലക്കാട് മുൻസിപ്പാലിറ്റിയിലേക്ക് നടന്ന മാർച്ചുമായി ബന്ധപ്പെട്ട്  രാഹുൽ മാങ്കൂട്ടത്തിൽ MLA ക്കെതിരെയും യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കെതിരെയും പൊലീസ് കേസെടുത്തു.

നഗരസഭയിലെ ബൗദ്ധിക ഭിന്നശേഷി നൈപുണ്യ വികസന കേന്ദ്രത്തിന് RSS നേതാവ് ഹെഡ്ഗേവാറിന്റെ പേര് നൽകിയതിൽ പ്രതിഷേധിച്ചായിരുന്നു യൂത്ത് കോൺഗ്രസ് മാർച്ച്. നടപടി ആവശ്യപ്പെട്ട് BJP പരാതി നൽകിയിരുന്നു.

✪✪✪

അമേരിക്കയിലേക്ക് ഇറക്കുമതി ചെയ്യുന്ന സ്മാർട്ട് ഫോണുകൾക്കും കമ്പ്യൂട്ടറുകൾക്കും പുതിയ തീരുവകളിൽ നിന്ന് ഇളവ് നൽകാൻ US തീരുമാനിച്ചു. ഏപ്രിൽ 5 മുതൽ US-ലേക്ക് പ്രവേശിക്കുന്നതോ വെയർഹൗസുകളിൽ നിന്ന് നീക്കം ചെയ്യുന്നതോ ആയ ഉൽപ്പന്നങ്ങൾക്ക് ഈ ഇളവ് ബാധകമാകും.

✪✪✪

ക്രൈസ്തവർ ഇന്ന് ഓശാന പെരുന്നാൾ ആഘോഷിക്കുന്നു. സഹനത്തിന്റെയും കുരിശു മരണത്തിന്റെയും ദിനങ്ങളായ പീഡാനുഭവ വാരത്തിനും ഓശാനയോടെ തുടക്കമാകും.

യേശുക്രിസ്തുവിന്റെ ജറുസലേം പ്രവേശനത്തിന്റെ സ്മരണ ഉണർത്തി സംസ്ഥാനത്തെ ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനകളും, കുരുത്തോല പ്രദക്ഷിണവും നടത്തി.

✪✪✪

കോഴിക്കോട്ട് അതിരൂപതാ അധ്യക്ഷൻ ആർച്ച് ബിഷപ്പ്, വർഗീസ് ചക്കാലക്കൽ ഓശാന കുർബാന അർപ്പിച്ചു.

✪✪✪

ക്രൈസ്തവരുടെ ആയുധം സമാധാനത്തിന്റെ ദണ്ഡാണെന്ന് മാനന്തവാടി രൂപതാ ബിഷപ്പ്, മാർ ജോസ് പൊരുന്നേടം പറഞ്ഞു. യുദ്ധം കൊണ്ട് ആരും ഒന്നും നേടിയിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. കണിയാരം കത്തീഡ്രൽ ദേവാലയത്തിൽ ഓശാന ഞായർ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകുകയായിരുന്നു അദ്ദേഹം.

✪✪✪

തലശ്ശേരി സെന്റ് ജോസഫ് കത്തീഡ്രലിൽ, ഓശാന തിരുനാൾ ആഘോഷത്തിൽ നിരവധി വിശ്വാസികൾ പങ്കെടുത്തു. തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ്, മാർ ജോസഫ് പാംപ്ലാനി മുഖ്യ കാർമികത്വം വഹിച്ചു.

ക്ഷമയും വിനയവുമാണ് മനുഷ്യനെ എപ്പോഴും ഉന്നതിയിൽ എത്തിച്ചതെന്ന് പാംപ്ലാനി പറഞ്ഞു.

✪✪✪

മലയാളിയുടെ കാർഷികോത്സവമായ വിഷുവിനെ വരവേൽക്കാൻ നാടും നഗരവും ഒരുങ്ങി. നാളെ മേടം പുലരുമ്പോൾ കണി കണ്ട് ഉണരാൻ അവസാനവട്ട തയ്യാറെടുപ്പിലാണ് എല്ലാവരും.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

സമൃദ്ധിയുടെ കണിയൊരുക്കാനാവശ്യമായ കണി വെള്ളരി, കണിക്കൊന്ന, ധാന്യങ്ങൾ, ഫലങ്ങൾ, നാണയങ്ങൾ തുടങ്ങിയവ സ്വരൂപിക്കാൻ തിരക്കിട്ട ഓട്ടത്തിലാണ് മലയാളികൾ. വിപണികളിൽ നല്ല തിരക്കാണ് അനുഭവപ്പെടുന്നത്.

വിഷുക്കോടിയുടുത്ത് കൃഷ്ണ വിഗ്രഹത്തിന് മുന്നിൽ ഒരുക്കിയ കണി കണ്ട്, വിഷുക്കൈനീട്ടവും സ്വീകരിച്ച് എല്ലാവരും വിഷു ആഘോഷത്തിലേക്ക് കടക്കും. വിഭവ സമൃദ്ധമായ സദ്യ ആഘോഷങ്ങൾക്ക് മാറ്റുകൂട്ടും. പടക്കം പൊട്ടിച്ചും പൂത്തിരി കത്തിച്ചും കുട്ടികൾ കൂടി ആഘോഷത്തിലമരുന്നതോടെ വിഷുദിനത്തിന്റെ ആവേശം വാനോളമുയരും.

ക്ഷേത്രങ്ങളിൽ വിഷുവിന് പ്രത്യേക പൂജകളും ചടങ്ങുകളും ഉണ്ടാകും. ഗുരുവായൂർ, ശബരിമല തുടങ്ങിയ പ്രധാന ക്ഷേത്രങ്ങളിൽ വലിയ ഭക്തജന തിരക്കായിരിക്കും.

ഗുരുവായൂർ ക്ഷേത്രത്തിൽ വിഷുക്കണി ദർശനം നാളെ പുലർച്ചെ 2.45 മുതൽ 3.45 വരെ ആയിരിക്കുമെന്ന് ദേവസ്വം അറിയിച്ചു.

വിഷുദിനത്തിൽ പുലർച്ചെ നാലിന് ശബരിമല നടതുറക്കും. നാല് മുതൽ 7 വരെ ഭക്തർക്ക് വിഷുക്കണി കണ്ട് ദർശനം നടത്താം.

✪✪✪

മലയാളികൾക്ക് മുഖ്യമന്ത്രി പിണറായി വിജയൻ വിഷു ആശംസകൾ നേർന്നു. ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും അടയാളപ്പെടുത്തലാണ് വിഷു എന്ന് അദ്ദേഹം ആശംസാ സന്ദേശത്തിൽ പറഞ്ഞു. സമ്പന്നമായ നമ്മുടെ കാർഷിക സംസ്കാരത്തെ വീണ്ടെടുക്കേണ്ട അനിവാര്യതയാണ് വിഷു നമ്മെ ഓർമ്മിപ്പിക്കുന്നതെന്ന് മുഖ്യമന്ത്രി അറിയിച്ചു. ഒരുമയും ഐക്യബോധവും ഊട്ടിയുറപ്പിക്കുന്ന വിളംബരമാകട്ടെ വിഷു എന്ന് പിണറായി വിജയൻ ആശംസിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ നടക്കും. ഉച്ചകഴിഞ്ഞ് 3.30 ന് ജയ്പൂരിൽ രാജസ്ഥാൻ റോയൽസ്, റോയൽ ചാലഞ്ചേഴ്സ് ബംഗലൂരുവിനെയും, വൈകീട്ട് 7.30 ന് ഡൽഹിയിൽ, മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസിനെയും നേരിടും.

✪✪✪

സ്കൂളുകളിലെയും കോളേജുകളിലെയും ലഹരി വ്യാപനത്തിന് എതിരെ ജാഗ്രത പാലിക്കണമെന്ന് കേരള നോൺ ടീച്ചിംഗ് എംപ്ലോയീസ് ഓർഗനൈസേഷൻ കണ്ണൂർ ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു.

തലശ്ശേരിയിൽ ചേർന്ന സമ്മേളനം KV സുമേഷ് MLA ഉദ്ഘാടനം ചെയ്തു.

✪✪✪

---

*News Editor: വി കെ സുരേഷ്,*
*News Reader : അനുഷ ആത്മപ്രകാശ്*
*News Team: സയ്യിദ് അലി ശിഹാബ് തങ്ങൾ*
*DEO : ഷീബ*